# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4147 12.11.2019-ൽ മറുപടിയ്ക്ക്

**പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടിയുടെ പ്രധാന സോഫ്റ്റ്‌വെയർ ആയ കോർ ആപ്ലിക്കേഷനിൽ ഇനി ഏതൊക്കെ മൊഡ്യൂളുകളാണ് വികസിപ്പിക്കാനുള്ളത്; | (എ) | കോർ ആപ്ലിക്കേഷനിൽ ചിറ്റാൾ നീക്കം ചെയ്യൽ, സബ്സ്റ്റിട്യൂഷൻ, നിക്ഷേപങ്ങൾ പുതുക്കുന്നത്, ചിട്ടി ബാലൻസ് ഷീറ്റ് ഓൺലൈൻ ആയി രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ഫയൽ ചെയ്യുന്നത്, റിക്കവറി, കാലാവധി പൂർത്തിയാക്കിയ ചിട്ടികൾ അവസാനിപ്പിച്ച് ജാമ്യ നിക്ഷേപം തിരികെ വാങ്ങുന്നത് എന്നീ മൊഡ്യൂളുകൾ വികസിപ്പിക്കാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | ചിട്ടി ഇടപാട് സംബന്ധമായ എല്ലാ വിവരങ്ങളും ഈ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്താമോ? | (ബി) | കൂടുതൽ ഉപഭോക്തൃ സൗഹൃദം ആക്കുന്നതിന്റെ ഭാഗമായി നിരന്തരമായ കൂട്ടിച്ചേർക്കലുകൾ ആപ്ലിക്കേഷനിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ